"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗരവികസന പദ്ധതി - ജി.ജി ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം എൻ.എച്ച്.ബൈപ്പാസ് റോഡ് - ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 207/09 നമ്പർ കേസ് - റവന്യൂ വകുപ്പിൽ നിന്നും അനുവദിച്ചിരുന്ന തുക റിക്കൂപ്പ് ചെയ്യുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1503/2025/LSGD തീയതി, തിരുവനന്തപുരം, 18-06-2025**

---

പരാമർശം:-

1. ബഹു. തിരുവനന്തപുരം II അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ. 207/2009 നമ്പർ കേസിന്മേലുള്ള 20/10/2012 തീയതിയിലെ വിധിന്യായം.
2. സ.ഉ.(സാധാ)നം. 1124/2018/റവ, തീയതി, 27/03/2018.
3. സ.ഉ.(പി)നം. 32/2019/ധന, തീയതി, 18/03/2019.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 12/03/2024 തീയതിയിലെ എ3/2209/2013/ട്രിഡ നമ്പർ കത്ത്.
5. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 16/05/2025 തീയതിയിലെ കെ10-50125/2013 നമ്പർ നടപടിക്രമം.

**<u>ഉത്തരവ്</u>**

തലസ്ഥാന നഗരവികസന പദ്ധതിയുടെ ഭാഗമായി ജി.ജി ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം എൻ.എച്ച്. ബൈപ്പാസ് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 207/09 നമ്പർ കേസിൽ അടിയന്തര സാഹചര്യം പരിഗണിച്ച് പരാമർശം (2) പ്രകാരം റവന്യൂ വകുപ്പിൽ നിന്നും അനുവദിച്ചിട്ടുള്ള 10,38,128/- രൂപ (പത്ത് ലക്ഷത്തി മുപ്പത്തിയെട്ടായിരത്തി ഒരുന്നൂറ്റി ഇരുപത്തിയെട്ട് രൂപ മാത്രം) റവന്യൂ വകുപ്പിലേക്ക് റിക്കൂപ്പ് ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം (4) & (5) എന്നിവ പ്രകാരം യഥാക്രമം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയും, തിരുവനന്തപുരം ജില്ലാ കളക്ടറും അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം എൻ.എച്ച്.ബൈപ്പാസ് റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ ചെറുവയ്ക്കൽ വില്ലേജിൽ എൽ.എ.റീ.സർവ്വേ നം. 48-ൽഉൾപ്പെട്ട 0.28 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 207/09 നമ്പർ കേസിൽ പരാമർശം(2) പ്രകാരം റവന്യൂ വകുപ്പിൽ

നിന്നും അനുവദിച്ചിരുന്ന 10,38,128/- രൂപ (പത്ത് ലക്ഷത്തി മുപ്പത്തിയെട്ടായിരത്തി ഒരുന്നൂറ്റി ഇരുപത്തിയെട്ട് രൂപ മാത്രം) '2075-00-800-05' എന്ന ശീർഷകത്തിലേക്ക് റിക്കപ്പ് ചെയ്യുന്നതിന് '4217-60-800-93 Payment of Compensation in LAR Cases' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നിസ്സാം എസ് എ**

**ഡെപ്യൂട്ടി സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/164/2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 19-06-2025 12:24:12
സെക്ഷൻ ഓഫീസർ